## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 127 | | 03.02.2020-ൽ മറുപടിക്ക് | |
|---|---|---|---|
| പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട പ്രക്ഷോഭം | | | |
| ചോദ്യം<br><br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങളിൽ എവിടെയെങ്കിലും ആർക്കെതിരെയെങ്കിലും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പൗരത്വനിയമത്തിനെതിരെ നിയമാനുസൃതമായി പ്രക്ഷോഭങ്ങൾ നടത്തിയവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | മലപ്പുറം ജില്ലയിലെ തിരൂരിൽ പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ചുകൊണ്ടുള്ള പൊതുയോഗം നടന്ന ദിവസം കടകളടച്ച് ഹർത്താലാചരിക്കാൻ സോഷ്യൽ മീഡിയയിലൂടെ ആവശ്യപ്പെട്ടതിന് ആർക്കെതിരെയെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ തിരൂരിൽ പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ചുകൊണ്ടുള്ള പൊതുയോഗം നടന്ന ദിവസം കടകളടച്ച് ഹർത്താലാചരിക്കാൻ സോഷ്യൽ മീഡിയയിലൂടെ ആവശ്യപ്പെട്ടതിന് 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലപ്പുറം തിരൂർ പോലീസ് സ്റ്റേഷനിൽ Cr.No.55/2020 ആയി IPC 153 & 120 (O) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ച് നാദാപുരത്ത് പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ച് പ്രകടനം നടത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെതിരെ ഏതെല്ലാം വകുപ്പ് പ്രകാരം കേസ്സെടുത്തു എന്നും അതിന്റെ തുടർനടപടികളും അറിയിക്കാമോ? | (സി) | പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ച് പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചതായുള്ള സംഭവം നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ